പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4524 28.06.2012 ൽ മറുപടിക്ക്

# നാട്ടിക നിയോജകമണ്ഡലത്തിലെ കരാർ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) സർക്കാർ ഉത്തരവുകൾ പ്രകാരമുളള പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ യഥാസമയം അവ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ ; | (ബി) കെ.എസ്.ടി.പി. യെ സംബന്ധിച്ച് കരാർ കാലാവധിക്കുള്ളിൽ നിർമ്മാണ പ്രവൃത്തി ചെയ്യാത്ത കരാറുകാരെ ടെർമിനേറ്റ് ചെയ്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും, സർക്കാരിന് വന്ന നഷ്ടം അവരുടെ കൈയ്യിൽ നിന്ന് ഈടാക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാർ ഉടമ്പടി നിബന്ധനകൾ അനുസരിച്ച് ഫൈൻ ഈടാക്കിയ ശേഷം കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുകയും ദീർഘിപ്പിച്ച കാലാവധിയ്ക്കുള്ളിലും പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ അവരുടെ സെക്യൂരിറ്റി തുക സർക്കാരിലേക്ക് മുതൽ കൂട്ടുകയും പ്രവൃത്തി അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുകയും സർക്കാരിനുണ്ടാകുന്ന കഷ്ടനഷ്ടം റവന്യു റിക്കവറി ആക്ട് അനുസരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br>കെട്ടിട വിഭാഗത്തിനു കീഴിലുള്ള കരാറു പണികൾ യഥാകാലം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ |

ഉദ്യോഗസ്ഥർ അതാത് സമയങ്ങളിൽ കരാറുകാർക്ക് നൽകാറുണ്ട്. നിശ്ചിത എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾക്ക് (കാലതാമസത്തിന് മതിയായ കാരണങ്ങൾ വ്യക്തമാകാത്ത പ്രവൃത്തികൾ) ആദ്യ മൂന്നു മാസ കാലതാമസത്തിന് കരാറു തുകയുടെ ഒരു ശതമാനവും പിന്നീടുള്ള മൂന്നു മാസ കാലതാമസത്തിന് കരാറു തുകയുടെ രണ്ടു ശതമാനവും പിഴയായി ഈടാക്കാറുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുവാൻ അനിശ്ചിതമായി കാലതാമസം ഉണ്ടാകുന്ന പ്രവൃത്തികൾ കരാറുകാരന്റെ കഷ്ട നഷ്ടത്തിൽ ടെർമിനേറ്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സി)നാട്ടിക നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത എത്ര കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നാട്ടിക നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്കെതിരെ നിലവിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

ദേശീയപാതാ വിഭാഗത്തിൽ നാട്ടിക നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കരാറെടുത്ത ഒരു പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്.

എൻ.എച്ച് 17-ൽ റോഡിന്റെ ഇരു വശങ്ങളിലും പേവ്ഡ് ഷോൾഡർ നിർമ്മിക്കുന്നതുമായി, ബന്ധപ്പെട്ട പ്രവൃത്തി (കി.മീ.369/804 മുതൽ 393/00 വരെ) ഏറ്റെടുത്ത കരാറുകാരായ M/s മഠത്തിൽ കൺസ്ട്രക്ഷൻ എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്നെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എൻ.എച്ച് സെൻട്രൽ സർക്കിൾ, കൊച്ചിയുടെ ഉത്തരവ് നം. ഡി1/502/2002-2 തീയതി 27.06.11പ്രകാരം കോൺട്രാക്ടറുടെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റു ചെയ്തു. ഇതിനെതിരെ കരാറുകാരൻ സർക്കാരിനെ സമീപിക്കുകയും സർക്കാർ വിഷയം വിശദമായി പരിശോധിച്ചതിനുശേഷം പ്രസ്തുത

കരാറുകാരനെ കഷ്ട നഷ്ടങ്ങളിൽ നിന്ന് ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്തു.

നാട്ടിക നിയോജക മണ്ഡലത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ പണികളിൽ ഒന്നും തന്നെ എഗ്രിമെന്റ് കാലാവധി കഴിയാത്തതിനാൽ കരാറുകാർക്കെതിരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ